104 (3287) കാസർഗോഡ് ഡീസൽ നിലയം

ശ്രീ. കെ. സുധാകരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യുച്ഛക്തിയും സഹകരണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാസർഗോഡ് ഡീസൽ നിലയം നിർമ്മിക്കുന്നതിനും യന്ത്രസാമഗ്രികൾ വാങ്ങാനും ടെണ്ടർ ക്ഷണിച്ചിരുന്നോ;

(ബി) എങ്കിൽ അതിന്റെ പകർപ്പ് നൽകുമോ;

(സി) ഇത് സംബന്ധിച്ച് ടെണ്ടർ ക്ഷണിക്കു മുമ്പ് ഏതെങ്കിലും കമ്പനിയുമായി ചർച്ച നടത്തിയോ;

(ഡി) എങ്കിൽ ഏതൊക്കെ കമ്പനി പ്രതിനിധികളുമായി ഏതൊക്കെ തീയതികളിൽ ചർച്ച നടത്തി; എവിടെ വച്ചാണ് ഈ ചർച്ചകൾ നടത്തിയത്;

(ഇ) ഈ ചർച്ചകളിൽ കെ.എസ്.ഇ.ബോർഡിന്റെയും സർക്കാരിന്റെയും ഏതെല്ലാം ഉദ്യോഗസ്ഥർ പങ്കെടുത്തു;

(എഫ്) ഇവർ പങ്കെടുത്തത് ആരുടെ നിർദ്ദേശപ്രകാരമാണ്;

(ജി) ഈ ചർച്ചകൾ സംബന്ധിച്ച് ബോർഡിന് കമ്പനി പ്രതിനിധികൾ ഫാക്സ് സന്ദേശം ഉൾപ്പെടെ അയച്ച കത്തുകളുടെയും നിർദ്ദേശങ്ങളുടെയും പകർപ്പ് മേശപ്പുറത്ത് വയ്ക്കുമോ;

(എച്ച്) ഈ കമ്പനിക്ക് റിപ്പീറ്റഡ് ഓർഡർ എന്ന കരാർ വ്യവസ്ഥയിൽ കാസർഗോഡ് നിലയത്തിന്റെ കരാർ നൽകണമെന്ന് ചീഫ് എൻജിനീയർ (ഓപ്പറേഷൻ ആന്റ് മെയിന്റനൻസ് തെർമ്മൽ) ബോർഡിന് എന്തെങ്കിലും ശുപാർശ നൽകിയിരുന്നുവോ;

(ഐ) എങ്കിൽ ശുപാർശയുടെ പകർപ്പ് ലഭ്യമാക്കുമോ?

ഉത്തരം

(എ) ക്ഷണിച്ചിരുന്നു.

(ബി) പകർപ്പ് അനുബന്ധമായി ചേർക്കുന്നു.†

(സി)-(ജി) ഇതു സംബന്ധിച്ച് ഔദ്യോഗികമായി ചർച്ചകളൊന്നും നടത്തിയിട്ടില്ലെന്നാണ് ബോർഡ് അറിയിച്ചിട്ടുള്ളത്.

(എച്ച്) ബോർഡിലേയ്ക്ക് ശുപാർശ നൽകിയിട്ടില്ല.

(ഐ) പ്രസക്തമല്ല.

105 (3288) വൈദ്യുതി ഉല്പാദിപ്പിക്കാൻ നടപടി

ശ്രീ. പാലോട് രവി :
ശ്രീ. കെ.എ. ചന്ദ്രൻ :
ശ്രീ. പി.ജെ. ജോസഫ് :
ശ്രീമതി ശോഭനാ ജോർജ്ജ് :
ശ്രീ. കെ. മുഹമ്മദാലി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യുച്ഛക്തിയും സഹകരണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

† ലൈബ്രറിയിൽ വച്ചിട്ടുണ്ട്.
811/2010.

LIBRARY ARCHIVES Kerala Legislative Assembly

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം സ്വകാര്യമേഖല യിൽ വൈദ്യുതി ഉൽപ്പാദിപ്പിക്കാൻ ആരൊക്കെയാണ് അപേക്ഷ നൽകിയിട്ടു ള്ളത്;

(ബി) സ്വകാര്യ മേഖലയിൽ വൈദ്യുതി ഉൽപ്പാദിപ്പിക്കാനുള്ള അനു മതി നൽകാൻ സ്വീകരിച്ച മാനദണ്ഡമെന്താണ് എന്ന് വ്യക്തമാക്കുമോ;

(സി) എന്റോൺ കമ്പനിയ്ക്ക് കേരളത്തിൽ വൈദ്യുതി ഉല്പാദിപ്പി ക്കാൻ അനുമതി നൽകിയിട്ടുണ്ടോ; എങ്കിൽ വിശദാംശം നൽകുമോ;

(ഡി) പ്രകൃതി വാതക ടെർമിനൽ സ്ഥാപിക്കാൻ ഏതെങ്കിലും സ്ഥാപനം സർക്കാരിനെ സമീപിച്ചിട്ടുണ്ടോ; എങ്കിൽ വിശദാംശം നൽകുമോ;

(ഇ) നാഫ്ത ഇന്ധനമായി ഉപയോഗിച്ച് വൈദ്യുതി ഉല്പാദിപ്പി ക്കാൻ ഏതെങ്കിലും സ്വകാര്യ കമ്പനിക്ക് അനുമതി നൽകിയിട്ടുണ്ടോ; എങ്കിൽ ഏതു കമ്പനിക്കെന്ന് വ്യക്തമാക്കുമോ;

(എഫ്) വൈദ്യുതി ഉല്പാദക ഇന്ധനങ്ങളായ നാഫ്ത, പ്രകൃതി വാതകം ഇവ തമ്മിൽ താരതമ്യപഠനം വൈദ്യുതിബോർഡ് നടത്തിയിട്ടുണ്ടോ; എങ്കിൽ വിശദാംശം നൽകുമോ?

ഉത്തരം

(എ) താപവൈദ്യുതി ഉല്പാദനത്തിന് ആരും അപേക്ഷ നൽകിയിട്ടി ല്ല. ചെറുകിട ജല വൈദ്യുത പദ്ധതികൾക്കായി താഴെപ്പറയുന്നവരിൽനിന്നും അപേക്ഷകൾ ലഭിച്ചിട്ടുണ്ട്.

1. പ്രീമിയം ഫെറോ അലോയിഡ് ലിമിറ്റഡ്
2. കെ.ആർ. അലോയിഡ്
3. സോളാരിസ് സിസ്റ്റംസ് പ്രൈവറ്റ് ലിമിറ്റഡ്.
4. ഉഷ ഇൻഡ്യാ ലിമിറ്റഡ്
5. ബിനാനി സിങ്ക് ലിമിറ്റഡ്
6. കാർത്തിക പവർ പ്രോജക്ട് പ്രൈവറ്റ് ലിമിറ്റഡ്
7. മോട്ടറോള സ്കിൽസ് ലിമിറ്റഡ്
8. സ്റ്റീൽ ഇൻഡസ്ട്രീസ് കേരളാ ലിമിറ്റഡ്
9. ഭഗവതി ഡിസൈൻസ് പ്രൈവറ്റ് ലിമിറ്റഡ്

(ബി) തെർമൽ പ്രോജക്ടുകളെ സംബന്ധിച്ച് വൈദ്യുതി ഉല്പാദി പ്പിച്ച് എന്തു വിലയ്ക്ക് ബോർഡിനു നൽകും എന്നുള്ളതാണ് മാനദണ്ഡം. ചെറുകിടജലവൈദ്യുത പദ്ധതികൾക്ക് അനുമതി നൽകാൻ സ്വീകരിച്ച മാനദ ണ്ഡങ്ങൾ ചുവടെ ചേർക്കുന്നു.

1. അപേക്ഷകൾ ഉൾപ്പെടുന്ന വിഭാഗത്തിന്റെ മുൻഗണന.(തദ്ദേശ സ്വയംഭരണ സ്ഥാപനം, പൊതുമേഖലാസ്ഥാപനം, ജില്ലാ സഹകരണസംഘം, സ്വകാര്യ സംരംഭകർ എന്നീ ക്രമത്തിൽ)
2. അപേക്ഷകന്റെ സാമ്പത്തിക നില
3. പദ്ധതിക്കാവശ്യമുള്ള പണം സ്വരൂപിക്കുന്നതിന് കമ്പനിക്കുള്ള സാധ്യത
4. ഓർഗനൈസേഷൻ ഘടന

LIBRARY ARCHIVES Kerala Legislative Assembly

5. സാങ്കേതിക പരിജ്ഞാനം

6. വൈദ്യുതി ഉല്പാദന മേഖലയിലുള്ള മുൻപരിചയം

7. പദ്ധതി സ്വന്തമായി കമ്മീഷൻ ചെയ്തശേഷം ഉല്പാദനം നടത്തി പദ്ധതി ബോർഡിന് കൈമാറുന്ന കാലയളവ്.

8. മിച്ചമുള്ള വൈദ്യുതി ബോർഡിന് വിൽക്കാനുദ്ദേശിക്കുന്ന നിരക്ക്.

9. പദ്ധതി നിർമ്മാണം പൂർത്തിയാക്കുന്നതിന് കമ്പനി ആവശ്യപ്പെടുന്ന കാലയളവ്.

10. ഈ പദ്ധതിയിൽനിന്ന് സ്വന്തമായി ഉപയോഗിക്കുന്ന വൈദ്യുതിയുടെ അളവ്.

(സി) ഇല്ല.

(ഡി) ഗ്യാസ് അതോറിറ്റി ഓഫ് ഇൻഡ്യ, ഇൻഡ്യൻ ഓയിൽ കോർപ്പറേഷൻ, ഭാരത് പെട്രോളിയം കോർപ്പറേഷൻ, ഒ.എൻ.ജി.സി. എന്നീ എണ്ണ കമ്പനികളുടെ സംയുക്ത സംരംഭമായ "പെട്രോനെറ്റ് എൽ.എൻ.ജി." കൊച്ചിയിൽ ഒരു പ്രകൃതി വാതക ടെർമിനൽ സ്ഥാപിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നുണ്ട്. ഈ പദ്ധതിക്കാവശ്യമായ സ്ഥലം ലഭ്യമാക്കുന്നത് സംബന്ധിച്ച് പെട്രോനെറ്റ് എൽ.എൻ.ജി. സംസ്ഥാന സർക്കാരിനെ സമീപിച്ചിരുന്നു.

(ഇ) ബി.എസ്.ഇ.എസ്. കേരള പവർ ലിമിറ്റഡ്, ഡി.സി. പവർ ലിമിറ്റഡ്, കണ്ണൂർ പവർ പ്രോജക്ട് ലിമിറ്റഡ് എന്നീ കമ്പനികൾക്ക് അനുമതി നൽകിയിട്ടുണ്ട്. ഇതിൽ കണ്ണൂർ പവർ പ്രോജക്ടിന് സെൻട്രൽ ഇലക്ട്രിസിറ്റി അതോറിറ്റിയുടെ സാമ്പത്തിക സാങ്കേതിക അനുമതി ലഭിച്ചിട്ടില്ല.

(എഫ്) നടത്തിയിട്ടുണ്ട്. ആഗോള വിപണിയിലെ വില വച്ചുനോക്കുമ്പോൾ നാഫ്ത ഉപയോഗിച്ച് ഉല്പാദിപ്പിക്കുന്ന വൈദ്യുതിയുടെ വിലയേക്കാൾ കുറവായിരിക്കും പ്രകൃതി വാതകം ഉപയോഗിച്ചുള്ള വൈദ്യുതിയുടെ വില.

106 (3289) വൈദ്യുതി നിരക്ക് പരിഷ്കാരം

ശ്രീ. പി.ജെ. ജോയി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യുക്തിയും സഹകരണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പുതുക്കിയ കറന്റ് ചാർജ്ജിന്റെ അടിസ്ഥാനത്തിൽ ഗാർഹിക വിഭാഗത്തിൽ പ്രതിമാസം 30 യൂണിറ്റു മുതൽ 1000 യൂണിറ്റു വരെ ഉപയോഗിക്കുന്നവർക്ക് 30 യൂണിറ്റിനു മുകളിൽ ഓരോ യൂണിറ്റ് വൈദ്യുതിക്കും ഈടാക്കേണ്ട നിരക്ക് എത്രയെന്ന് വ്യക്തമാക്കുമോ; 1999 മേയ് 15 വരെ ഈ വിഭാഗത്തിൽ ഓരോ യൂണിറ്റിനും (30 യൂണിറ്റിനു മുകളിൽ 1000 യൂണിറ്റു വരെ) ഈടാക്കിക്കൊണ്ടിരിക്കുന്ന നിരക്ക് വ്യക്തമാക്കുമോ;

(ബി) 14.5.1999-ലെ ഗസറ്റ് വിജ്ഞാപനപ്രകാരം എൽ.ടി. (1) വിഭാഗത്തിൽ ഉൾപ്പെടുത്തിയിരിക്കുന്ന 8 സ്ലാബുകളിൽ ഓരോന്നിലും എത്ര കൺസ്യൂമർമാരുണ്ട്.; ഈ ഓരോ വിഭാഗവും പ്രതിവർഷം ഉപയോഗിക്കുന്ന കറന്റിന്റെ അളവെത്ര;

(സി) കെ.എസ്.ഇ.ബി. കൺസ്യൂമർമാരുടെ കാറ്റഗറി തിരിച്ച് (ഉപഭോഗത്തിന്റെ അടിസ്ഥാനത്തിൽ) എന്തെങ്കിലും കണക്കുകൾ സൂക്ഷിക്കാറുണ്ടോ; എങ്കിൽ വിശദാംശം നൽകുമോ;

LIBRARY ARCHIVES Kerala Legislative Assembly